മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഡിയർനസ്സ് അലവൻസ് ഇപ്പോഴത്തേക്കാൾ കൂടുതൽ കൊടുക്കുന്നതായാൽ മാനേജ്മെണ്ടിനു കൂടുതൽ നഷ്ടമുണ്ടാകുമെന്നു ഗവണ്മെണ്ടിനു് അറിയാമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഞാൻ അവക്കെതിരായി ഒന്നും പറഞ്ഞില്ല.

മിസ്റ്റർ പാറമേൽ ഐപ്പ്. ഐപ്പ് : ഡിയർനസ്സ് അലവൻസ് ഇവക്കു മുഴുവൻ കൊടുപ്പിയ്ക്കുവാൻ സാധിക്കുമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മുഴുവൻ കൊടുക്കാമെന്നാണു ഗവണ്മെണ്ടിന്റെ പ്രതീക്ഷ.

AYURVEDIC HOSPITAL TRICHUR—SUPPLY OF FIREWOOD—PARTICULARS REGARDING

95. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ ആയുർവ്വേദ ആശുപത്രിയിൽ ഫ്രീ ഡ്യൂ ഠ-ൽ വിറകു് സപ്ലൈ ചെയ്യുന്നതിനുള്ള കൺട്രാക്ട് ആർക്കായിരുന്നു;

(ബി) കൺട്രാക്ടർ എത്ര റേറിനാണു് വിറകു സപ്ലൈചെയ്തിരുന്നതു്;

(സി) വിറകിനു് അന്നു കൺട്രോൾ റേറു് എന്തായിരുന്നു?

റാവുബഹദൂർ ടി. കെ. നായർ :

(എ) മിസ്റ്റർ ടി. കെ. കൊച്ചുണ്ണി മേനോനായിരുന്നു.

(ബി) വെട്ടിക്കീറി ഉണക്കിയ വിറകു ടൺ ഫ്രക്കു് ആസ്പത്രിയിൽ തരുന്നതിനു ഡ ൻ ക. യായിട്ടാണു് വിറകു സപ്ലൈചെയ്തിരുന്നതു്.

(സി) തൃശ്ശിവപേരൂർ താലൂക്കിൽ വിറകിനു കൺട്രോൾ ഉണ്ടായിരുന്നില്ല. കൊച്ചികണയന്നൂർ, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ മാത്രം ഫ്രീ ഡ്യൂ ഠ-ൽ വിറകിനു കൺട്രോൾ റേറു് ഉണ്ടായിരുന്നു. ആയതു താഴെ ചേർക്കുംപ്രകാരമായിരുന്നു. വെട്ടിക്കീറാത്ത വിറകു് ടൺ ഒന്നിനു ഡ ൽ ക. വെട്ടിക്കീറിയ വിറകു് ടൺ ഒന്നിനു ന ഠ ക.

മിസ്റ്റർ ജോസ്സ് കെ വട്ടിസ്സ് : ഏതു കൊല്ലത്തിലാണു കൺട്രോൾവിറകു കൊടുത്തു തുടങ്ങിയതു് ?

റാവുബഹദൂർ ടി. കെ. നായർ : ഏതു കൊല്ലത്തിലാണെന്നറിയാൻ പാടില്ല.

Mr. President : That is about the supply of firewood to the Ayurvedic Hospital.

മിസ്റ്റർ ജോസ്സ് കെ. വട്ടിസ്സ് : തൃശ്ശിവപേരൂരിൽ ഇതേവരെ ഗവണ്മെണ്ടു വിറകു സപ്ലൈ ഉണ്ടായിരുന്നു. ഇപ്പോൾ അതു കാണുന്നില്ല. അതെന്താണെന്നാണു ഞാൻ ചോദിക്കുന്നതു് ?

റാവുബഹദൂർ ടി. കെ. നായർ : എന്റെ അന്വേഷണത്തിൽ തൃശ്ശിവപേരൂരിൽ കൺട്രോൾ ഇല്ല എന്നാണു മറുപടി കിട്ടിയതു്. അങ്ങിനെയല്ല എന്നാണു ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെങ്കിൽ ഞാൻ അതിനെപ്പറ്റി ഒന്നുകൂടി അന്വേഷണം നടത്താം.

PROTECTED WATER SUPPLY TO THE COSTAL AREAS—REQUEST FOR

96. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state whether they have come to any definite decision about the supply of protected water to the coastal areas of this State such as Vypeen, Panambukad, Vallarpadam, Mulavukad and adjacent coastal villages?

Rao Sahib K. Ayyappan *(Minister for Public Works)* :

A project for laying pipes in the following areas has been sanctioned.

1. Mattancheri to Chellanam
2. Vypeen to pallipuram
3. Panambukad
4. Mulavukad

മിസിസ്സ് ടി. ഫ്രാൻസിസ്സ് : മട്ടാഞ്ചേരിയിൽനിന്നു ചെല്ലാനംവരെയുള്ള പൈപ്പുലയിൻ മുഴുവൻ തീർന്നുവോ ?

റാവുസാഹിബ് കെ. അയ്യപ്പൻ : ഇല്ല. പണി നടന്നുകൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly